## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1323** — **30/01/2018-ലെ മറുപടിക്ക്**

### പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വിൻസെന്റ്: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന ഈ അവസരത്തിൽ പല സർക്കാർ ഹൈസ്കൂളുകളിലും ഇംഗ്ലീഷിന് ഒരു അധ്യാപകൻ പോലും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇംഗ്ലീഷ് അധ്യാപക തസ്തിക ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷിന് ഒരു തസ്തികയെങ്കിലും അനുവദിക്കാൻ വിദ്യാഭ്യാസ വകുപ്പ് ഇതിനോടകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) 07/01/2002 ലെ ജി.ഒ (എം.എസ്) നം. 11/2002/പൊ.വി.വ. ലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരമാണ് സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ്, ഗണിത ശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നത്. 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 5 ഡിവിഷനുകൾ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ആദ്യത്തെ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക ലഭിക്കുള്ളു. അതായത് 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 4 ഡിവിഷനുകൾ വരെ മാത്രമുള്ള വിദ്യാലയങ്ങളിൽ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ നിലവിൽ നിയമമില്ല. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. |

| | |
|---|---|
| സി) മറ്റ് വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡും ഉള്ളവർ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കണമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ? | (സി) അപ്രകാരമുള്ള ഉത്തരവൊന്നും നിലനിൽക്കുന്നില്ല. എന്നാൽ 07/01/2002-ന് മുമ്പ് കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ വരെ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റു വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡും ഉള്ള അധ്യാപകർ ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ